17811

അച്ചടി വകുപ്പ് ഡയറക്ടറേറ്റ് തിരുവനന്തപുരം

കേരള സർക്കാർ

സംഗ്രഹം

ജീവനക്കാര്യം – സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള അപേക്ഷയോടൊപ്പം സംരക്ഷണ മൊഴി ബാധകമാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ സ്പഷ്ടീകരണം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

സ.ഉ (കൈയെഴുത്ത്) നം. 8/2019/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി : 05.07.2019.

================================================================

പരാമർശം:-1. 24.05.1999 ലെ സ.ഉ(പി) നം. 12/99/പി&എആർഡി

2. 21.02.2018 ലെ സ.ഉ(കൈ).നം.5/2018/ഉഭപവ

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലി ചെയ്തു വരവെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം(1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു.

2. മരണമടഞ്ഞ ജീവനക്കാരന്റെ അച്ഛൻ/അമ്മ ഒഴികെയുള്ളവർ ആശ്രിത നിയമനത്തിനായി അപേക്ഷിക്കുകയാണെങ്കിൽ ജീവനക്കാരന്റെ മാതാവ്/പിതാവ്/വിധവ/വിഭാര്യൻ എന്നിവരെ ജീവിതകാലം മുഴുവനും സംരക്ഷിക്കുന്നതാണെന്നും, അവിവാഹിതയായ സഹോദരി /അവിവാഹിതനായ സഹോദരൻ എന്നിവരെ പ്രായപൂർത്തിയാകുന്നതുവരെ സംരക്ഷിക്കുന്നതാണെന്നുമുള്ള സമ്മതമൊഴി കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണെന്ന് പരാമർശം (2) ഉത്തരവ് പ്രകാരവും വ്യവസ്ഥ ചെയ്തിരുന്നു.

3. എന്നാൽ സംരക്ഷണമൊഴി ബാധകമാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന് മുൻകാല പ്രാബല്യം നൽകിയിരുന്നില്ല. ആകയാൽ ടി ഉത്തരവ് നിലവിൽ വരുന്നതിന് മുൻപ് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള

17871

കേസുകളിൽ സംരക്ഷണമൊഴി സമർപ്പിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ സ്പഷ്ടീകരണം നൽകണമെന്ന് വിവിധ ഭരണ വകുപ്പുകൾ ആവശ്യപ്പെട്ടിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംരക്ഷണ സമ്മതമൊഴി സമർപ്പിക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നിലവിൽ ആശ്രിത നിയമനത്തിന് അനുമതി നൽകികൊണ്ട് സർക്കാർ ഉത്തരവ് ലഭിച്ചവരിൽ നാളിതുവരെ പരാമർശം (2) ഉത്തരവ് പ്രകാരമുള്ള സംരക്ഷണ സമ്മതമൊഴി സമർപ്പിച്ചിട്ടില്ലാത്തവർ, സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് ഓഫീസ് മേധാവി മുൻപാകെ സംരക്ഷണ സമ്മതമൊഴി സമർപ്പിക്കേണ്ടതും ആയതിന്റെ പകർപ്പ് നിയമനാധികാരി മുഖേന സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.
2. പരാമർശം (2) ഉത്തരവ് നിലവിൽ വരുന്നതിന് മുമ്പ് ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ സീനിയോറിറ്റി നേരത്തെ സമർപ്പിച്ചിട്ടുള്ള സാധുവായ അപേക്ഷയുടെ തീയതി കണക്കാക്കി തന്നെ നിശ്ചയിക്കേണ്ടതും ടി അപേക്ഷകരിൽ നിന്നും നിയമനാധികാരി അടിയന്തരമായി സംരക്ഷണ സമ്മതമൊഴി ലഭ്യമാക്കി സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**കെ.ഗോപാലകൃഷ്ണ ഭട്ട്**

**സെക്രട്ടറി**

പകർപ്പ്:- നിയമം, ധനകാര്യം, ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ
വകുപ്പുകൾക്കും, സെക്ഷനുകൾക്കും.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരളം, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരളം, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, ഹൈക്കോടതി, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള/മഹാത്മാഗാന്ധി /കൊച്ചി/കോഴിക്കോട്/
കണ്ണൂർ യൂണിവേഴ്സിറ്റി.(ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരളാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി തൃശ്ശൂർ
/കേരളാ വെറ്ററിനറി യൂണിവേഴ്സിറ്റി /ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല കാലടി, (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്)

വെബ് & ന്യൂ മീഡിയ (സർക്കാരിന്റെ ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

നോഡൽ ഓഫീസർ, P&ARD (P&ARD യുടെ www.pard.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നമ്പർ 17811/19/E1/DP തീയതി 11-2019

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള അപേക്ഷയോടൊപ്പം സംരക്ഷണ രേഖ ബാധകമാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ സ്പഷ്ടീകരണം സർക്കാരിൽ നിന്നും ലഭ്യമായത് അറിവിലേക്കും അനന്തരനടപടികൾക്കുമായി കാര്യാലയമേധാവികൾക്ക് നൽകുന്നു.

(ഒപ്പ്)

അച്ചടി വകുപ്പ് ഡയറക്ടർക്ക് വേണ്ടി.